# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-5576 4.07.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

**സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനായി കാനോപി അനുവദിക്കുന്ന പദ്ധതി**

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പൂൾഡ് ഫണ്ടിൽ നിന്നും മിൽമ ഐസ്ക്രീം വിൽക്കുന്നതിന് മേൽക്കൂരയുള്ള ഫ്രീസർ ഫിറ്റ് ചെയ്ത വാഹനം (കാനോപി) എത്രയെണ്ണം വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലബാർ മേഖല മിൽമയുടെ കീഴിൽ ആകെ 100 കനോപ്പി വിതരണം ചെയ്തു. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>പാലക്കാട് - 39<br>മലപ്പുറം - 26<br>കോഴിക്കോട് - 18<br>വയനാട് - 3<br>കണ്ണൂർ - 8<br>കാസർഗോഡ് - 6 |
| (ബി) | ഇതിന് വേണ്ടി എത്ര രൂപ ചെലവഴിച്ചുവെന്നും ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്തെല്ലാമെന്നും വ്യക്തമാക്കാമോ ; | (ബി) | 2 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി ആകെ ചെലവഴിച്ചത്. മലബാർ മിൽമയുടെ അംഗീകൃത ക്ഷീര സംഘങ്ങളിലെ അംഗങ്ങളും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരുമായ പട്ടികജാതിക്കാരായ ഗ്രാമീണയുവതീ യുവാക്കളെയാണ് ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.<br>ഗുണഭോക്താക്കൾ 5000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയും 3876/-രൂപ ഗുണഭോക്തൃ വിഹിതമായും അടയ്ക്കേണ്ടതുണ്ട്. |
| (സി) | ഓരോ ഗുണഭോക്താവിനും എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | 2,00,000/-രൂപയുടെ ആനുകൂല്യം ലഭിച്ചു. |
| (ഡി) | ഈ പദ്ധതി മോണിട്ടർ ചെയ്തിട്ടുണ്ടോ; ഇതിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്.<br>100 കനോപ്പി വിതരണം ചെയ്തതിൽ കോഴിക്കോട്, വയനാട് ജില്ലകളിലെ ഓരോ യൂണിറ്റ് ഒഴികെ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | പാലക്കാട് - 39<br>മലപ്പുറം - 26<br>കോഴിക്കോട് - 17<br>വയനാട് - 2<br>കണ്ണൂർ - 8<br>കാസർഗോഡ് - 6<br>----<br>ആകെ - 98<br>=====<br>വിവിധ ജില്ലകളിലെ യൂണിറ്റുകളുടെ പേരും വിലാസവും അനുബന്ധമായി ചേർക്കുന്നു. |

Salim. K.J
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**